**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2015-16 - മൂവാറ്റുപുഴ നിയോജക മണ്ഡലം - Construction of Kottarathil Junction - Thazhuvamkunnu Road in Kalloorkkad Grama Panchayath' എന്ന പ്രവൃത്തി 'Construction of Side protection wall and culvert in Kottarathil Junction - Thazhuvamkunnu Road in Kalloorkkad Grama Panchayath' എന്ന് ഭേദഗതി ചെയ്ത് - പുതുക്കിയ ഭരണാനുമതി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 1308/2019/തസ്വഭവ തിരുവനന്തപുരം, തീയതി : 26.06.2019.**

---

പരാമർശം : 1 01/03/16-ലെ സ. ഉ (ആർ.റ്റി )964/2016/ത സ്വ ഭ വ നമ്പർ ഉത്തരവ്.

2 11.10.2017 ലെ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡിബി2/928/2014/സി.ഇ/തസ്വഭവ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ 2015-16 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കല്ലൂർക്കാട് ഗ്രാമപഞ്ചായത്തിൽ Construction of Kottarathil Junction - Thazhuvamkunnu Road എന്ന പ്രവൃത്തിയ്ക്ക് പരാമർശം (1) പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. റോഡിൽ 190 മീറ്റർ നീളത്തിൽ സൈഡ് കെട്ടുന്നതിനും,കലുങ്ക് നിർമ്മിക്കുന്നതിനും 440 മീറ്റർ നീളത്തിൽ മെറ്റലിങ്ങും,ടാറിംഗും നടത്തുന്നതിനും 100 മീറ്റർ നീളത്തിൽ റീടാറിങ് നടത്തുന്നതിനുമുള്ള ഇനങ്ങളാണ് ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നതെന്നും എന്നാൽ പ്രവൃത്തികൾ ആരംഭിക്കുന്ന ഘട്ടത്തിൽ പ്രദേശ വാസികളായ ജനങ്ങളുടെ ആവശ്യപ്രകാരം സൈഡ് കെട്ടിന്റെ നീളം 365 മീറ്റർ ആയി വർദ്ധിപ്പിക്കേണ്ടി വരികയും കലുങ്കിന്റെ ഉയരം വർദ്ധിപ്പിക്കേണ്ടി വരികയും ചെയ്ത സാഹചര്യത്തിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മെറ്റലിംഗ് & ടാറിംഗ് പ്രവൃത്തികൾ ഒഴിവാക്കി, നിലവിലെ മൂവാറ്റുപുഴ എം.എൽ.എ.യുടെ അറിവോടു കൂടി ഭരണാനുമതി വാങ്ങിയ എസ്റ്റിമേറ്റിൽ നിന്നും വ്യത്യാസപ്പെടുത്തി പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെന്നും ആയതിനാൽ ഇത്തരത്തിൽ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതിക്കായി എറണാകുളം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ചുവെന്നും പ്രവൃത്തിയുടെ നിർവ്വഹണം വേഗത്തിൽ നടപ്പാക്കിയതിനാലും സമയക്കുറവും മൂലമാണ് സമയബന്ധിതമായി റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി വാങ്ങാൻ സാധിക്കാത്തതെന്നും,പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള സദുദ്ദേശമായതിനാൽ, പുതുക്കിയ

എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണാനുമതി നൽകിയ എസ്റ്റിമേറ്റിൽ മാറ്റം ആവശ്യമാണെന്ന് തോന്നുന്ന പക്ഷം സർക്കാരിന്റെ അനുമതി വാങ്ങിയതിനു ശേഷമേ തുടർ നടപടികൾ സ്വീകരിക്കാവൂ എന്ന കർശന നിർദ്ദേശത്തോടെ പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയ 'Construction of Kottarathil Junction - Thazhuvamkunnu Road in Kalloorkkad Grama Panchayath' ( അടങ്കൽ തുക 25 ലക്ഷം ) എന്ന പ്രവൃത്തി 'Construction of Side protection wall and culvert in Kottarathil Junction - Thazhuvamkunnu Road in Kalloorkkad Grama Panchayath' എന്ന് ഭേദഗതി ചെയ്ത് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3) പരാമർശം (1) ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനീയർ,തദ്ദേശ സ്വയം ഭരണ വകുപ്പ് ഡിവിഷൻ,എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്,എറണാകുളം
ഫിനാൻസ് വകുപ്പ്(അനൗദ്യോഗിക കത്ത് നം. 118/എൻ.ബി.3/2016/ധന.തീയതി 27.05.2019)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ